## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*299 — 19/06/2019- ൽ മറുപടിയ്ക്ക്

### കേന്ദ്ര റബർനയത്തിന്റെ കരട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ<br>ശ്രീ . കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച റബർ നയത്തിന്റെ കരട് പരിശോധനാ വിധേയമാക്കിയിരുന്നോ; നയത്തിൽ സ്ഥായിയായ കൃഷിയ്ക്ക് അനിവാര്യമായ ഉല്പാദനക്ഷമത വർദ്ധനവിനും വിലസ്ഥിരതക്കും പ്രാധാന്യം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) പരിശോധിച്ചിരുന്നു. റബ്ബർ കൃഷിയെയും റബ്ബർ കർഷകരെയും രക്ഷിക്കുവാൻ വ്യക്തമായ നിർദ്ദേശങ്ങൾ കരട് നയത്തിലും പിന്നീട് വന്ന അന്തിമ റിപ്പോർട്ടിലും പ്രതിപാദിച്ചതായി കാണുന്നില്ല. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് സ്വീകരിയ്ക്കേണ്ട നടപടികൾ വിശാല അർത്ഥത്തിൽ പ്രതിപാദിച്ചതായാണ് കാണുന്നത്. സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ കരടിൽ ഉൾപ്പെടുത്താത്തതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടിരുന്നു.<br>1. കേരളത്തിൽ നടപ്പാക്കി വരുന്ന RPIS പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാർ സഹകരണത്തോടെ നടപ്പാക്കണം.<br>2. റബ്ബർ മേഖലയുടെ വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം.<br>3. പുതു കൃഷിയിലും ആവർത്തന കൃഷിയിലും റബ്ബർ തൈ നട്ട് പരിപാലിയ്ക്കുന്നതിനുള്ള ചെലവിന്റെ 25% സബ്സിഡിയായി നൽകണം.<br>4. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്ങുവില നിശ്ചയിക്കണം.<br>5. സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ആനുപാതികമായി റബ്ബർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ (സ്റ്റാന്റേർഡ് ഇൻപുട്ട് ഔട്ട്പുട്ട് |

നോർമ്സ് - SION) നിശ്ചിത ഇടവേളകളിൽ പരിഷ്കരിക്കണം.

6. ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിന്റെ കുറഞ്ഞ വിലയും, സീസണനുസരിച്ചുള്ള ഇറക്കുമതി നിയന്ത്രണവും ഉൾപ്പെടുത്തണം.
7. ചണ്ടി റബ്ബർ ഇറക്കുമതി നിരോധിക്കണമെന്നുള്ള വ്യവസ്ഥ റബ്ബർ നയത്തിൽ ഉൾപ്പെടുത്തണം.
8. റബ്ബർ ബിറ്റുമിൻ, റബ്ബർ തടി എന്നിവ ദേശീയ തലത്തിൽ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണം.
9. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും ഇൻഷ്വറൻസ് /പെൻഷൻ പദ്ധതി നടപ്പാക്കണം.
10. റബ്ബർ സംഭരിക്കുന്നതിനും ഗ്രേഡിംഗ് നടത്തി വില്പനയ്ക്കുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കണം.
11. സ്വാഭാവിക റബ്ബറിന്റെ അളവ് കൂടുതലുള്ള ഗ്രീൻ ടയറുകളും ഉൽപന്നങ്ങളും പ്രോത്സാഹിപ്പിക്കണം.
12. സിന്തറ്റിക്ക് റബ്ബറിന്റെ ഉൽപാദനം കൂട്ടണമെന്നുള്ള കരട് നയത്തിലെ ശുപാർശ പരിസ്ഥിതിയ്ക്ക് ഉണ്ടാക്കുന്ന ആഘാതങ്ങളും സ്വാഭാവിക റബ്ബർ ഉൽപാദനത്തിനുള്ള ഭീഷണിയും കണക്കിലെടുത്ത് ഒഴിവാക്കണം.
13. സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് തുറമുഖങ്ങൾക്കുള്ള നിയന്ത്രണങ്ങൾ തുടരണം.
14. സ്വാഭാവിക റബ്ബറിനെ കാർഷിക ഉൽപന്നമായി പ്രഖ്യാപിക്കുന്നതിനായി കൃഷി, റവന്യൂ വകുപ്പുകളിലും ചർച്ച നടത്തണം.

(ബി) ഊഹക്കച്ചവടത്തിലൂടെ (ഫ്യൂച്ചേഴ്സ് ട്രേഡിംഗ്) മാർക്കറ്റിടപെടൽ നടത്തുമെന്ന നിർദ്ദേശം എത്ര വിപരീതഫലം ഉളവാക്കാൻ സാധ്യതയുണ്ടെന്ന് പരിശോധിക്കുമോ;

(ബി) എല്ലാ കാർഷിക ഉൽപ്പന്നങ്ങളിലും ഫ്യൂച്ചേഴ്സ് ട്രെയിഡിംഗ് നടത്തുന്നതിന് സംസ്ഥാന സർക്കാർ എതിരാണ്.

| | |
|---|---|
| (സി) ഇറക്കുമതി നിയന്ത്രണത്തെക്കുറിച്ച് പരാമർശിക്കാത്തതും ഷീറ്റ് റബറിൽ നിന്ന് ബ്ലോക്ക് റബർ ഉൽപാദനത്തിലേക്ക് മാറണമെന്ന നിർദ്ദേശവും പരിശോധിച്ചിട്ടുണ്ടോ; | (സി) & (ഡി) റബ്ബർ പോളിസിയിൽ 4.2 ഖണ്ഡികയിൽ റബ്ബർ കൃഷി "നോൺ ട്രഡീഷണൽ ഏരിയ"കളിൽ കൂടി വ്യാപിപ്പിക്കണം എന്നാണ്. അതുപോലെ ഖണ്ഡിക 4.11-ൽ ഗ്വായൂൾ, ഡാൺഡെലായോൺ, സീയാരാ റബ്ബർ എന്നിവ ഇപ്പോഴുള്ള റബ്ബർ കൃഷിയ്ക്ക് പറ്റാത്ത സ്ഥലങ്ങളിൽ പകരക്കാരാക്കാമെങ്കിലും, സമീപ ഭാവിയിൽ അവ വാണിജ്യപരമായി കൃഷി ചെയ്യുന്നത് ലാഭകരമാക്കുവാനുള്ള സാധ്യത ഇല്ല എന്നും പ്രതിപാദിക്കുന്നുണ്ട്. |
| (ഡി) പ്രതികൂല കാലാവസ്ഥ കൊണ്ട് റബർ കൃഷി സാധ്യമാകാത്ത സംസ്ഥാനങ്ങളിൽ ഗ്വായൂലി, ഡാൺഡെലായോൺ, സീയാരാ തുടങ്ങിയ റബറിന് പകരമായിട്ടുള്ള ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കണമെന്നും റബർകൃഷിക്ക് അനുയോജ്യമായ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കു കൂടി കൃഷി വ്യാപിപ്പിക്കണമെന്നും ഉള്ള നിർദ്ദേശങ്ങൾ കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | |
| (ഇ) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തെ റബർ കർഷകർക്ക് ആശ്വാസം പകരുന്നതിന് പകരം കൂടുതൽ ആശങ്ക ഉയർത്തുന്നതായതിനാൽ കരടുനയത്തിൽ സമഗ്ര മാറ്റം വരുത്താൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ എന്നറിയിക്കാമോ? | (ഇ) സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ആശ്വാസം പകരുന്നതിനായി അന്തിമ റിപ്പോർട്ടിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Sreekala[signature]

**സെക്ഷൻ ഓഫീസർ**